തലസ്ഥാന നഗരിയിൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന ജലവിതരണം

68 (3278) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ ഏതെങ്കിലും പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിന് സ്വകാര്യ വ്യക്തികളെ വാട്ടർ അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) പതിവായി ടാങ്കർ ലോറികളിൽ ജലം ശേഖരിച്ച് വിതരണം നടത്തുന്നവരുമായി കേരള വാട്ടർ അതോറിറ്റി ഉണ്ടാക്കിയിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ;

(സി) 2005 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇത്തരത്തിൽ സ്വകാര്യ വ്യക്തികൾക്ക് എത്ര അളവ് ജലം നൽകിയെന്നും അതുവഴി വാട്ടർ അതോറിറ്റിക്ക് എന്ത് തുക ലഭ്യമായെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തലസ്ഥാന നഗരിയിൽ ജലവിതരണം നടത്തുന്നതിന് സ്വകാര്യ വ്യക്തികളെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുപ്പൺ സമ്പ്രദായത്തിൽ ആവശ്യമുള്ള ജലത്തിന്റെ തുക അടച്ച് വെള്ളം ടാങ്കർ ലോറികളിൽ കൊണ്ടുപോകാവുന്നതാണ്.

(ബി) ടാങ്കർ ലോറികളിൽ ജലം ശേഖരിച്ച് വിതരണം നടത്തുന്നതിന് വാട്ടർ അതോറിറ്റി കരാറുകളിൽ ഏർപ്പെടുകയോ വ്യവസ്ഥകൾ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല.

(സി)	2005 ജനുവരി	-	29.03 മില്യൺ ലിറ്റർ
	2005 ഫെബ്രുവരി	-	30.08 മില്യൺ ലിറ്റർ
	ആകെ		59.11 മില്യൺ ലിറ്റർ

ഇതുവഴി വാട്ടർ അതോറിറ്റിക്ക് 11.07 ലക്ഷം രൂപ കിട്ടിയിട്ടുണ്ട്.

ഗാർഹിക ഉപഭോക്താക്കളുടെ കേടായ വാട്ടർ മീറ്റർ മാറ്റുന്നതിന് നടപടി

70 (3270) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളുടെ കേടായ വാട്ടർ മീറ്റർ മാറ്റുന്നതിന് കേരള വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly